കോൺട്രാക്ടുകൾ നൽകുന്നത് സംബന്ധിച്ച നടപടി ക്രമങ്ങളും ചട്ടങ്ങളും

* 420. [480] ശ്രീ. എം. കെ. കേശവൻ :

,, കെ. ആർ. ചന്ദ്രമോഹനൻ :

,, ഡോക്ടർ എ. സുബ്ബറാവു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺട്രാക്ടുകൾ നൽകുന്നത് സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങളും ചട്ടങ്ങളും എന്ന് രൂപീകരിച്ചതാണ് ;

(ബി) അവയിൽ പലതും കാലഹരണപ്പെട്ടുപോയിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ നടപടിക്രമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ)

(എ) കോൺട്രാക്ടുകൾ നൽകുന്നതു സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള ചട്ടങ്ങൾ, 15-9-1970-ലെ സർക്കാർ ഉത്തരവ് (പി) 175/പി. ഡബ്ലിയു/70 പ്രകാരം ആണ് രൂപീകരിച്ചിട്ടുള്ളത്.

(ബി) കാലോചിതമായ മാറ്റങ്ങൾ പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിലെ കോഡുകളും മാനുവലും പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കോൺട്രാക്ടുകൾ നൽകുന്നതിനുള്ള ചട്ടങ്ങളിൽ ആവശ്യമായ മാറ്റം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതിയ മാനുവലിന്റെ കരട് കമ്മിറ്റി തയ്യാറാക്കിയിട്ടുണ്ട്.

ഭരണാനുമതി നൽകിയ പണികൾ

* 421. [481] ശ്രീ. പി. കുമാരൻ :

,, കെ. ടി. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85 വർഷത്തിൽ ഭരണാനുമതി നൽകിയ എത്ര ഉറുപ്പികയുടെ പണികൾ 1985-86 വർഷത്തിൽ നടത്താനുണ്ട് ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഈ പണികൾക്ക് നീക്കിവച്ച സംഖ്യ എത്രയാണ് ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ)

(എ) നാഷണൽഹൈവേ വിഭാഗത്തിൻകീഴിൽ 1984-85-ൽ ഭരണാനുമതി നൽകിയ 263.43 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പണികൾ 1985-86-ൽ നടത്താനുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും 1984-85-ൽ ഭരണാനുമതി നൽകിയ 14,39,32,000 രൂപയ്ക്ക് മൊത്തം എസ്റ്റിമേറ്റുള്ള പണികൾ 1985-86-ൽ ബി ആൻറ് ആർ വിഭാഗത്തിൻകീഴിൽ നടത്താനുണ്ട്.

(ബി) ഈ പണികൾക്ക് നാഷണൽ ഹൈവേ വിഭാഗത്തിന് 1985-86 ൽ 15 ലക്ഷം രൂപയും ബി ആൻറ് ആർ വിഭാഗത്തിന് 68,78,000 രൂപയും നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly